PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 4 ● ISSUE : 5 MAY 2010

## എഡിറ്റോറിയൽ

## Doubting Thomas

നമ്മുടെ മലങ്കര ഓർത്തഡോക്സ് സഭ കെട്ടിപ്പടുത്തിരിക്കുന്നത് തോമസ് അപ്പോസ്തലന്റെ കർതൃ ശിഷ്യത്വം അംഗീകരിച്ചുകൊണ്ടാണല്ലോ. തോമസിനെ ബൈബിളിലെ ഒരു പ്രധാന കഥാപാത്രമാക്കുന്നത് തോമസിന്റെ സംശയമാണ്. യുക്തിയും വിശ്വാസവും എപ്പോഴും രണ്ടുവഴിക്കാണു സഞ്ചാരമെങ്കിലും തോമസിന്റെ സംശയം യുക്തിയിൽ നിന്ന് വിശ്വാസത്തിലേക്കുള്ള ധൈര്യമായ കടന്നുവരവായിട്ടു കാണണം. എന്റെ കർത്താവും എന്റെ ദൈവവുമെ (യോഹ 20 : 28) എന്നുള്ള വിളി തോമസിന്റെ അചഞ്ചലമായ വിശ്വാസത്തിന്റെ മുറവിളിതന്നെയാണ്. തന്റെ ഗുരുവിനെ സംശയിച്ചുപോയല്ലോ എന്ന ആധി തോമസിന്റെ പിന്നീടുള്ള കർതൃസ്നേഹത്തിന്റെ ആക്കം കൂട്ടുകയാണ് ചെയ്തത്.

യേശു ശിഷ്യന്മാർക്ക് ഉയിർപ്പിനുശേഷം ആദ്യം പ്രത്യക്ഷപ്പെട്ട ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ തോമസ് ശിഷ്യന്മാരുടെകൂടെ ഉണ്ടായിരുന്നില്ല. ശിഷ്യന്മാർ റോമൻ പടയാളികളെ പേടിച്ച് വാതിലടച്ചിരിക്കയായിരുന്നു. വരാൻ താമസിച്ച തോമസ്സിനോട് മറ്റു ശിഷ്യന്മാർ കർത്താവിനെ കണ്ടകാര്യം പറഞ്ഞപ്പോൾ തോമസ്സിന്റെ ഉത്തരം "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതുകാണുകയും, ആണിപ്പഴുതിൽ വിരൽഇടുകയും, അവന്റെ വിലാപ്പുറത്ത് കൈഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല" എന്നായിരുന്നല്ലോ (യോഹ 20 : 25). മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ യേശുവിനെ കാണുന്നതുവരെ മറ്റു ശിഷ്യന്മാരും യേശുവരുമെന്ന് വിശ്വസിച്ചിരിക്കുവാൻ സാധ്യത കാണുന്നില്ല. അങ്ങനെയെങ്കിൽ ഓരോരുത്തരും അവരവരുടെ ജോലിയിലേക്കു മടങ്ങുകയും, റോമൻ പടയാളികളെ പേടിച്ച് ഒളിച്ചിരിക്കയും ചെയ്യുകയില്ലായിരുന്നു. അതുകൊണ്ടായിര്ക്കണം തോമസ്സ് മറ്റു ശിഷ്യന്മാർ കണ്ടു വിശ്വസിച്ചതുപോലെ തനിക്കും കണ്ടുവിശ്വസിക്കണമെന്ന നിലപാടെടുത്തത്. അതിനുവേണ്ടി എട്ടാംനാൾ യേശുവിന്റെ പ്രത്യക്ഷപ്പെടൽവരെ കാക്കേണ്ടിവന്നു എന്നു മാത്രം. "നീ എന്നെ കണ്ടിട്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ. (യോഹ 20 : 29)" എന്നു കർത്താവു പറയുന്നത് ശിഷ്യന്മാരുടെ സാക്ഷ്യം വിശ്വസിച്ച മറ്റുള്ളവരെക്കുറിച്ചായിരിക്കുമല്ലോ.

തോമസ്സിന്റെ ഉറച്ച വിശ്വാസത്തിന് മുന്നോടിയായത് സംശയമായിരുന്നു. സ്പർശിച്ചും, കണ്ടും വിശ്വസിച്ച അപ്പോസ്തലന്മാർ, കാണാതെ വിശ്വസിക്കുന്നവരായ നമ്മളും യേശുവും തമ്മിലുള്ള സുപ്രധാന കണ്ണിയാണ്. തോമസ് അതിനൊരു നിമിത്തമാകുന്നെന്നു മാത്രം. തോമസിന്റെ ചിന്തകളും, രീതികളും, എപ്പോഴും വ്യത്യസ്തമായിരുന്നെന്നു കാണാം. ലാസറിന്റെ മരണവാർത്ത കേട്ട യേശു തന്നോടു ശത്രുതയുള്ള യഹൂദ്യയിലേക്കു പോകുവാൻ ശ്രമിച്ചപ്പോൾ അവനോടുകൂടെ മരിക്കേണ്ടതിന് നമുക്കും പോക എന്നു പറഞ്ഞ് ചാടി പുറപ്പെട്ടത് തോമസായിരുന്നല്ലോ (യോഹ 11 : 6)

ഈ തോമസ് തന്നെയാണ്, "കർത്താവേ നീ എവിടെ പോകുന്നെന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴിഎങ്ങനെ അറിയും?" എന്നു ചോദിക്കുന്നത്. തോമസിനോടുള്ള യേശുവിന്റെ മറുപടി ക്രിസ്തുസഭയോടു മുഴുവനായുള്ളതാണ്. ഞാൻ തന്നെ വഴിയും സത്യവുമാകുന്നു. എന്നിൽക്കൂടിയല്ലാതെ ആരും പിതാവിന്റെ അടുത്തേക്കു പോകുന്നില്ല. (യോഹ 14:5 - 6).

കന്യകമറിയാമിന്റെ ഉടലോടെയുള്ള സ്വർഗ്ഗാരോഹണം നേരിൽക്കണ്ട ഏക ശിഷ്യൻ തോമസ്സാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ആ സന്ദർഭത്തിൽ കന്യകാമറിയമിന്റെ അരപ്പട്ട തോമസ്സിനു നൽകിയതായും കഥയുണ്ട്. നമ്മുടെ കാതോലിക്കാ ബാവായുടെ പേരിന്റെ കൂടെയുള്ള "ഡിഡിമസ്"എന്നതും തോമസ് തന്നെയാണെന്ന് എത്ര പേർക്കറിയാം? ഡിഡിമസ് എന്ന പദത്തിന് twin എന്നും അർത്ഥമുണ്ട്. doubting Thomas ന്റെ നിയോഗം ശരിക്കു ഗ്രഹിക്കുവാൻ സാധിച്ചാൽ നമുക്ക് തോമസ്സ് നേരിട്ടുവന്നനുഗ്രഹിച്ച മലങ്കര ഓർത്തഡോക്സ് സഭയിലൂടെ ദൈവത്തോടടുക്കാൻ സാധിക്കും.

# THE JOURNEY TO THE CROSS AND BEYOND

**(Dr. Yakob Mar Irenaios Metropolitan)**



As she passes through the disceptive of the Great Lent, the Church is prayerfully approaching the Cross on Calvary, her footsteps are silenced by the sheer sense of repentance and separation. In great humility and gratefulness, she offers, herself as a living sacrifice, when she experiences the pain of the Lord's passion and crucifixion. However, she rejoices with her children at Easter, as her Lord has defeated sin, death and satan, through his suffering, death and resurrection.

This spiritual journey of the Lent is the ideal time for us humans to take stock of our lives, in the light of the suffering and supreme sacrifice of our Lord Jesus Christ, for our sakes. In a singular way, a sense and gratitude goads us to genuine repentance and resolutions. Such a composite and personal experience could in many ways prove life changing and transformative. As he approaches the mount of crucifixin, our Lord tells us many things about personal lives, relationships, forgiving love, mutual regard and acts of charity. Till the last moment, he is concerned not with his safety and well-being, but ours. After giving the last discourse to his disciples, he prays to his father on their behalf. Here is a flow of true love, which never keeps an account of 'remit' and 'debit'.

It was this overflowing selfless love which attracted so many towards the sacrifice on the cross and the ensuing victory. They could discern that death on the Cross of calvary was never a defeat, but the divinely assigned route to victory over evil and death. We are called to contemplate on the Cross and the Resurrection, so that the 'feel' of it, will certainly sink into our soul and become our own experience! There is nothing like the splendour of 'love crucified' on the Cross. And the Lord is waiting for our response!

Let us together take the journey to the Cross of Calvary embrace it, and tearfully, thank him, for the sacrifice. We are lift in silence to unlearn and relearn many a lesson in our lives, at the end of it, we will resolve to 'live and die' for His sake only!

## സ്നേഹനിധി

കണ്ടനാട് ഭദ്രാസനത്തിന്റെ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ സ്മരണയ്ക്ക് കത്തീഡ്രൽ ഇടവക ആവിഷ്കരിച്ചിരിക്കുന്ന സാധുജനസംരക്ഷണപരിപാടിയാണ് സ്നേഹനിധി - ജോസഫ് മാർ പക്കോമിയോസ് മെമ്മോറിയൽ ഫണ്ട്. സെന്റ്. മേരീസ് കത്തീഡ്രലിന്റെ ബഹുമുഖങ്ങളായ കാരുണ്യപ്രവർത്തനങ്ങളിലേക്ക് ഒരേടുകൂടി ചേർക്കപ്പെടുന്നു. പ്രാരംഭഘട്ടത്തിൽ, വിദ്യാഭ്യാസ ധനസഹായം നൽകാനുദ്ദേശിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. പുണ്യശ്ലോകനായ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോട് ചേർന്ന്, ഓഗസ്റ്റിൽ, സഹായധന വിതരണം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഏകദേശം 25 ലക്ഷം രൂപയാണ് ഇപ്പോൾ പ്രവർത്തനമൂലധനമായി ഉണ്ടാകേണ്ടത്. സഹൃദയരായ എല്ലാ ഇടവകാംഗങ്ങളും, അഭ്യുദയകാംക്ഷികളും സ്നേഹനിധിയുമായി സഹകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സംഭാവനകൾ, സ്നേഹനിധി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എന്ന പേരിൽ മാറാവുന്ന ചെക്കായോ, ഡ്രാഫ്റ്റായോ നൽകാവുന്നതാണ്. E mail: snehanidhi@yahoo.com

## വികാരിയുടെ കത്ത്



# മരണം ക്രിസ്തുവിൽ അനുഭൂതി

**ഫാ. പി. ഐ. വർഗ്ഗീസ്**

ആയിരക്കണക്കിന് ആളുകൾ അനുദിനം ലോകത്തോട് യാത്രപറഞ്ഞുകൊണ്ടിരിക്കുന്നു. ജനിച്ചു വീഴുന്ന നിമിഷം മുതൽ മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുന്നു. ”When a child is born he is old enough to die” എന്ന വാചകം ഈ ആശയമാണ് നമ്മിൽ ഉത്ഭൂതമാക്കുന്നത്. മരണം എപ്പോഴും എവിടെയും സംഭവിക്കാം. പ്രകൃതി ക്ഷോഭങ്ങൾ, അപകടങ്ങൾ, യുദ്ധങ്ങൾ, രോഗങ്ങൾ, അത്യാഹിതങ്ങൾ എന്നിവയാൽ പതിനായിരങ്ങൾ മരിക്കുന്നുണ്ട്. വർത്തമാനപത്രത്തിന്റെ നല്ലൊരു ഭാഗം തന്നെ മരണവാർത്തയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

ഭൂമുഖത്തുനിന്ന് യാത്രപറയേണ്ട സമയം വരുന്നു എന്ന വസ്തുത അറിയാത്തവരായി ആരുമില്ല. എങ്കിലും വ്യത്യസ്ത ഭാവങ്ങളോടെയാണ് ഓരോരുത്തരും മരണത്തെ സമീപിക്കുക. പൂർണ്ണമായി ഒരുങ്ങി മരിക്കുന്നവരാണ് ഒരു കൂട്ടർ. ഇവർക്ക് ജീവിതത്തിന്റെ പൂർത്തീകരണമാണ് മരണം. രണ്ടാമതൊരു കൂട്ടർ യാതനകളുടെയും വേദനകളുടെയും അന്ത്യമായി മരണത്തെ കാണുന്നു. ഇവർക്ക് മരണം കാത്തിരുന്ന് കൈവന്ന ഒരാശ്വാസമാണ്. ഇനിയുമൊരു വിഭാഗത്തിന് ജീവിതത്തിന്റെ ഭീകരമായ ഒരനുഭവതലമാണ് മരണം.

ഭൂമിയിൽ മനുഷ്യൻ ഏറ്റവുമധികം ഭയപ്പെടുന്നത് മരണത്തെയാണ്. ജീവിതത്തിൽ നേരിടുന്ന യാതൊരനുഭവത്തെയും മനുഷ്യൻ ഇത്രത്തോളം ഭയപ്പെടുന്നില്ല. മരണത്തേക്കാൾ ഭീതിജന്യമാണ് മരണഭയം. മരണഭീതിക്ക് രണ്ടുവശങ്ങളുണ്ട്. ഒന്നാമത്തേത് തങ്ങളുടെ മരണത്തെ അഭിമുഖീകരിക്കുന്നതിനുള്ള ഭയമാണെങ്കിൽ രണ്ടാമത്തേത് മറ്റുള്ളവരുടെ മരണത്തെക്കുറിച്ചുള്ള ഭയമാണ്. ഒരുവൻ മരണത്തെ ഭയപ്പെടുന്നത്, ജീവിതത്തെ അതിലുപരിയായി സ്നേഹിക്കുന്നതുകൊണ്ടാണ്.

മരണം എന്നാലെന്താണ്? മരണത്തെ ഒരു നിർവ്വചനത്തിന്റെ പരിധിയിൽ ഒതുക്കി നിർത്തുക ആയാസകരമാണ്. ശരീരശാസ്ത്രപരമായി വിലയിരുത്തിയാൽ കോശങ്ങളുടെ നാശമാണ് മരണം. ആ നിലയിൽ മനുഷ്യജീവിതത്തിലെ ഒരു സ്വാഭാവിക പ്രക്രിയ മാത്രമാണ് മരണം. പക്ഷേ, പ്രകൃതിയുടെ പ്രമാണങ്ങൾക്ക് വിധേയപ്പെടുന്നതിനേക്കാൾ വളരെയധികം വസ്തുതകൾ മരണത്തിൽ അന്തർഭവിച്ചിട്ടുണ്ട്. മരണം ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. മരണത്തിന് അർത്ഥമുണ്ടാകണമെങ്കിൽ ജീവിതത്തിന് അർത്ഥമുണ്ടായിരിക്കണം. അതുപോലെതന്നെ, ജീവിതത്തിന് അർത്ഥമുണ്ടാകണമെങ്കിൽ മരണത്തിന് അർത്ഥമുണ്ടായേ മതിയാവൂ. ജീവിതം അതിന്റെ ശരിയായ അർത്ഥത്തിൽ അനുഭവിച്ചറിയാത്തവർ മരണത്തെ ഭയപ്പെടുന്നു.

മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനുമാത്രമേ മരണത്തിനും, ജീവിതത്തിനും അർത്ഥം നൽകുവാൻ കഴിയുകയുള്ളൂ. തിരുവചന വെളിച്ചത്തിൽ ശാരീരികമരണം ഒരു വേർപാടുമാത്രമാണല്ലോ? ശരീരവും ആത്മാവും തമ്മിലുള്ള ഈ താൽക്കാലിക വേർപാട് ഒരു മഹത്വമാക്കിത്തീർക്കുവാൻ ക്രിസ്തുവിലൂടെ നമുക്ക് കഴിയുന്നു.

മരണം സകലത്തിനും വിരാമമിടുന്നതായി തോന്നിപ്പോകാമെങ്കിലും യഥാർത്ഥത്തിൽ അത് യാതൊന്നിന്റെയും പൂർത്തീകരണമല്ല. മരണമെന്ന യാഥാർത്ഥ്യത്തിന് യേശുക്രിസ്തുവിന്റെ മരണത്തിലൂടെയാണ് ഉത്കൃഷ്ടമായ അർത്ഥവും വ്യാപ്തിയും കൈവന്നത്. ലോകത്തിന്റെ പാപത്തെ തന്നിൽ സംവഹിച്ച യാഗവസ്തുവായ ദൈവപുത്രൻ പാപത്തിന്റെ ഫലങ്ങളും മരണവും സ്വയം ഏറ്റെടുത്തു. ക്രിസ്തുയേശുവിന്റെ രക്ഷാകരപ്രവൃത്തിയുടെ പരമകോടിയാണ് അവന്റെ മരണം. അവന്റെ മരണം പുതിയ ഉടമ്പടിയുടെ അച്ചാരമാണ്. ദൈവപുത്രൻ മരണത്തിന് വിധേയനായുതുകൊണ്ട് മരണം നിരാശയുടെ പ്രതീകമല്ല, ഭയജനകമായ ഒരവസ്ഥയുമല്ല. പകരം ആകാംക്ഷയും അനുഭൂതിയുമാണ്. (ഏബ്ര: 2:14–15)

മരണത്തിനടിമപ്പെടാതെ ചിരകാലം ജീവിച്ചുകൊണ്ടല്ല ക്രിസ്തു മരണത്തിന്മേൽ വിജയം വരിച്ചത്. പ്രത്യുത, മരണത്തിന് വിധേയനായി, അതുവഴി അനശ്വരത പ്രാപിക്കുകയാണ് ചെയ്തത്. തന്റെ മരണത്തിലൂടെ മരണത്തിന്റെ വിഷമുള്ളും പാതാളത്തിന്റെ ശക്തിയുമാണ് തകർക്കപ്പെട്ടത്. അങ്ങനെ മരണത്തിന്റെ അന്തഃസത്തയ്ക്ക് സമ്പൂർണ്ണ വ്യതിയാനം വരുത്തി. ആകയാൽ ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതവും മരണവും ഒരുപോലെ അനുഗ്രഹദായകമാണ്. എല്ലാം നിങ്ങളുടെ സ്വന്തമാണ് – ലോകവും, ജീവനും, മരണവും (1 കൊരി 3 : 21–22) മരണമെന്ന മഹാരഹസ്യത്തെ വിശദീകരിക്കുന്ന ഏകഘടകം പുനരുത്ഥാനമാണ് ക്രിസ്തു മരണത്തെ നശിപ്പിക്കുകയും അതുവഴി ജീവനും അനശ്വരതയും വെളിപ്പെടുത്തുകയും ചെയ് തിരിക്കുന്നതിനാൽ മരണത്തിന്റെ മുഖത്തുനോക്കി ഹേ മരണമേ, നിന്റെ ജയം എവിടെ എന്ന് ഉച്ചൈസ്തരം നമുക്ക് പറയാം. ■

# OVBS 2010





കുട്ടികൾക്കുവേണ്ടിയുള്ള അവധിക്കാല വേദപുസ്തകപഠനമായ OVBS ഏപ്രിൽ 11 മുതൽ 16 വരെ കത്തീഡ്രലിൽ നടന്നു. 11 ന് വി. കുർബ്ബാനയ്ക്കുശേഷം, വികാരി ഫാ. ഒ.വി. ഏലിയാസ് പതാക ഉയർത്തുകയും OVBS ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ബൈബിൾ പഠനവും, ഗാനപരിശീലനവും, ധ്യാന നിമിഷങ്ങളും, കലാപരിപാടികളും സ്നേഹവിരുന്നും മറ്റും ഒത്തുചേരുന്ന ഈ അവധിക്കാലദിനങ്ങളെ കുട്ടികൾ ആവേശത്തോടെയാണ് സ്വീകരിച്ചത്. 16ന്, വി. കുർബ്ബാന അനുഭവവും, റാലിയും, സമാപന സമ്മേളനവും, സമ്മാനദാവും നടന്നു. കുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ അത്യന്തം ഹൃദ്യമായിരുന്നു. 150–ഓളം കുട്ടികൾ സംബന്ധിച്ച ഈ വർഷത്തെ OVBS ന് കത്തീഡ്രലിലെ വൈദികരും, സെമിനാരി വിദ്യാർത്ഥി ഷെറി തോമസ്, സൺഡേസ്കൂൾ അദ്ധ്യാപകർ തുടങ്ങിയവരും നേതൃത്വം നൽകി. ■

# The Story of a Palm Leaf

**Petson Peter C**

The World shined in the bright sun when life sprouted in me as a tiny petal in a bunch of a coconut leaf. I was so excited to see the beauty of the world around me. I heard the chirping of the birds in the morning sun. A Cool breeze touched me and I began to dance in the air with my siblings.

The happiness did not last long as the owner of the coconut tree came with his workers and started cutting only the new born leaves. In the process I was also severed away from my parent tree. With much pain, I have to leave my parents. The only solace was that many of my siblings also accompanied me to an unknown place. In the journey, I heard someone in our company murmuring - we are all going to a Church to attend an important festival. By this time, we entered the compound of a big Church. Two priests with long beard came out and took charge of us. The Priests sorted us as good and bad and luckily I got selected in the A grade. Later they took us and stacked carefully by the side of the altar.

Silence made me dizzy and was so sad in losing the beauty of nature, parents and the sweet home. As time advanced a soft music filled the air full of praise for the creator of the world. The smell of burning of incense made me happy and comfortable. My mind drowned in the holly atmosphere of the church. One full night we enjoyed our stay by the side of the altar of the church.

Once again we felt the cool breeze of the morning while the priest took us to a table placed in front of the altar. By this time the entire hall of the church were filled with devotees. They were all chanting one prayer - “Hosanna” to the son of God. We were also humbled by their holly prayers and longed to sing with them.

In the midst of prayers we were all taken in bunches and distributed among the devotees. In the process I happened to land in the hands of a beautiful lady who carefully fondled me. But at time I felt very bad when she rubbed me against her nose. In the next moment I noticed people going outside the church hall for a procession. The scene of people going in a row round the church with Palm leaves was enchanting.

The procession lasted for a few minutes and the devotees entered the church hall. By this time volunteers came forward for collecting us from our temporary owners. All of us were placed on the same table before the altar while the Priests began special prayers of the Palm Sunday. As soon as they finished the special prayers we were all carried away by the volunteers to be distributed among the people. This time I happened to land in the hands of a handsome youth who handled me in utmost reverence. In the end announcement by the Priest were heard directing the devotees to handle the palm leaves in utmost care and devotion as they become holy due to beautification. I felt a little elevated by words of the priest. Later, by the end of the service, one young believer took me with care to his house and presented to his mother who was sick and bed ridden. She was extremely happy and thanked her son with a request to place me on the photo of Jesus Christ.

Days and months passed by, I remained on the same photo of Jesus overlooking their drawing hall witnessing all happy and sad occasions happening in the household. The members of the house usually prayed before me during their prayer times. On a rainy day of the last week of July, the mother of the house passed away which was literally mourned by the entire family. But, the month of November brought back happiness to the family in the form of marriage of the son who brought me to the house. The month of December brought fun and festivities heralding Christmas.

At last the Christmas Eve arrived. I could hear children shouting in the neighbourhood as they decorate their houses with Christmas trees and stars. As time advanced all the family members including the new bride came before me for prayers. In the course of the prayer my sixth sense worked and I was under a feeling that something is going to happen to me. As the prayers ended the bride of the family reminded her husband to take me from the photo and pack me to the same church for the ritual of Christmas service.

“Theejwala” (light out of bonfire of palm leaves). I was so sad to leave the house and reached the verge of crying but the thoughts of joining my siblings once again made me calm and soothing. My last journey began and as we reached the church’s compound I could see devotees standing around a cross shaped pit holding the collection of the same old Palm leaves but in a dried form ready to be lighted. In the next moment I was also handed over to be placed in the same pit to be lighted, heralding the soldiers arrested him to crucify, but in the next moment the thoughts of forming a part of light for Jesus made me happy and waited for the ritual. ■



## Icon of St. Mary

Icons are religious work of art mostly common in eastern Orthodox Churches. It is a sign, or likeness that stands for an object by signifying or representing either concretely or analogously. Iconography is rooted in the theology of incarnation that Christ being the icon of God. Icons served as a tool of edification for illiterate faithful during the history of Christianity. The first instance of an icon in the Bible is seen when God made man in his own image (gene 1:26-27).

*This icon is presented to St. Mary’s Cathedral by our beloved Irenaios Thirumeni.*

“ ക്രിസ്ത്യാനികൾ രണ്ടു തരക്കാരാണ്. ഒരു കൂട്ടർ കർത്താവിനെ കാത്തിരിക്കുന്നു.
മറ്റേ കൂട്ടർ കർത്താവിനെ അവരുടെ ഹൃദയ വാതിൽക്കൽ കാത്തുനിൽക്കുമാറാക്കുന്നു.”
നമുക്ക് ആദ്യത്തെ കൂട്ടരാകാൻ ശ്രമിക്കരുതോ?

# കുടുംബ വിശേഷങ്ങൾ

## ST. MARY'S ORTHODOX CATHEDRAL ERNAKULAM

## MANAGING COMMITTEE 2010 - 11

**Vicar:** Rev. Fr. O.V. Elias. Mob: 94461 28070

**Asst. Vicar:** Rev. Fr. P.I. Varghese
Mob: 94473 64119

**Asst. Vicar:** Rev. Fr. Prince Mathew
Mob: 94474 56456

**Trustee:** Mr. Cherian Thomas
Mob: 80891 15078

**Secretary:** Mr. Daniel Oommen
Mob: 94463 96033

| COMMITTEE MEMBERS | MOBILE |
|---|---|
| Mr. Saju Panakkal | 94473 27762 |
| Mr. George Joseph | 98460 96989 |
| Mr. Babu Mathew | 94466 92431 |
| Dr. Paulose Jacob | 98471 23534 |
| Mr. M.V. Paulose | 94470 53608 |
| Mr. K.E. Abraham | 94471 33914 |

| COMMITTEE MEMBERS | MOBILE |
|---|---|
| Mr. Abraham Philip | 98471 52901 |
| Mr. Elias P. Varghese | 94471 33956 |
| Mr. K.V. Staines | 92497 27964 |
| Mr. Manoj Kuriakose | 98460 56991 |
| Mr. P. Jacob | 93886 40554 |
| Mr. M.V. Mathew | 0484 2204640 |

**Ex-officio Member:** Mr. K.K. George - 94470 40484

**Auditors:** Mr. Petson Peter - 98461 87320, Mr. Jacob Kurian - 98460 59929

### മാമോദീസ

1. പച്ചാളം കന്നേത്തിൽ അശ്വതിയിൽ ശ്രീ ജോസഫ് കെ. ഫിലിപ്പിന്റെയും ശ്രീമതി സോണിയ ഫിലിപ്പിന്റെയും മകൻ ഏബ്രഹാം ജോസഫ് ഫിലിപ്പ് 10-4-2010 ൽ മാമോദീസ സ്വീകരിച്ചു.
2. പനമ്പിള്ളി നഗർ കണിയാന്ത്ര ശ്രീ. ജോസഫ് ചാണ്ടിയുടെയും ശ്രീമതി മേരി ചാണ്ടിയുടെയും മകൾ നന്ദിത മരിയ ചാണ്ടി 17-4-2010 ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

### വിവാഹം

പനമ്പിള്ളി നഗർ വള്ളക്കാലിൽ ഡോ. വി.എം. മാത്യുവിന്റെയും ശ്രീമതി ലീല മാത്യുവിന്റെയും മകൻ അനൂപും കടവന്ത്ര കാനക്കൽ ഡോ. അലക്സ് ജോർജ്ജിന്റെയും, ഡോ. മിസിസ് കുലീന ജോർജ്ജിന്റെയും മകൾ ദിവ്യയും തമ്മിലുള്ള വിവാഹം 4-4-2010 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### നിര്യാതനായി



എറണാകുളം നോർത്ത് സെന്റ് ബനഡിക്റ്റ് റോഡ് മാളിയേക്കൽ ശ്രീ എം.സി. ഏബ്രഹാം (84) 9-4-2010 ൽ നിര്യാതനായി. 10-4-2010 ൽ കത്തീഡ്രലിന്റെ ചിറ്റൂർറോഡ് സെമിത്തേരിയിൽ സംസ്കരിച്ചു.

*ആദരാഞ്ജലികൾ*

### അഭിനന്ദനങ്ങൾ



Jessie is selected to represent New Zealand to take part in the "World Performing Arts Championship" finals for song category to be conducted at Los Angeles, US from 11th July to 25th July, 2010. The competition is named as 'Aim to Fame'.

Semi finals of the competition was held at Auckland. She was the overall champion from about 40 contestants aged 6 to 50 doing various performances. She was the vocal champion as well as the overall champion.

*She is the daughter of our member Rabi Brighu Hillel & Sigy Susan George.*

### വിശേഷദിവസങ്ങൾ

**മെയ്**

| | | |
|---|---|---|
| 3 തിങ്കൾ | : | പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവായുടെ ഓർമ്മ (പാമ്പാക്കുട) |
| 13 വ്യാഴം | : | സ്വർഗ്ഗാരോഹണ പെരുന്നാൾ |
| 15 ശനി | : | കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ ഓർമ്മ |
| 16 ഞായർ | : | യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി) |
| 23 ഞായർ | : | പെന്തിക്കോസ്തി ഞായർ |
| 28 വെള്ളി | : | സ്വർണ്ണ വെള്ളിയാഴ്ച |

*Best Compliments...*

*Opening Shortly ...*

**SUN STAR FURNISHING**

40/5428, 40/5429, T. D. Road, North End, Ernakulam, Kochi-36

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***